**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 641** **30-01-2024 - ൽ മറുപടിയ്ക്ക്**

**ചെറുകിട സംരംഭങ്ങളുടെ ഉല്പന്നശേഷി ഉയർത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചെറുകിട സംരംഭങ്ങളുടെ ഉല്പന്നശേഷി ഉയർത്താൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; പ്രസ്തുത പദ്ധതി പ്രകാരം സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ചെറുകിട സംരംഭങ്ങളുടെ ഉല്പന്നശേഷി ഉയർത്തുന്നതിനായി നിലവിലുള്ള എം.എസ്.എം.ഇ-കളിലെ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടു വരുന്നതിന് സഹായം നൽകുന്ന സ്കെയിലിംഗ് അപ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഉത്പാദന/സേവനമേഖലയിൽ നിലവിൽ പ്രവർത്തിക്കുന്നതും 31.03.2023 വരെയുള്ള കാലയളവിൽ കുറഞ്ഞത് 3 വർഷം പൂർത്തീകരിച്ചതും എം എസ് എം ഇ സ്കെയിൽഅപ് മിഷൻ (MSME SCALE UP MISSION) - ൽ നിന്നും വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിച്ചിട്ടുള്ള തുമായ സൂക്ഷ്മ -ചെറുകിട -ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. യൂണിറ്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ ഒരു പ്രോജക്റ്റ് റിപ്പോർട്ട് ആയി തയ്യാറാക്കേണ്ടതും ആയതിന് ജില്ലാതല കമ്മിറ്റിയുടെ മുൻകൂർ അനുമതി നേടേണ്ടതുമുണ്ട്. ഇപ്രകാരം മുൻകൂർ അനുമതി ലഭിച്ച പ്രവർത്തനങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുക. വിപുലീകരണ പ്രോജക്റ്റ് റിപ്പോർട്ടിന് അനുമതി ലഭിച്ച തീയതി മുതൽ പരമാവധി 4 വർഷകാലയളവിൽ നടത്തുന്ന പ്രവർത്തനങ്ങൾ ക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. പദ്ധതി മാർഗ നിർദേശങ്ങൾക്ക് വിധേയമായി ഒരു യൂണിറ്റിന് പരമാവധി രണ്ടു കോടി അമ്പത്തി ഒന്ന് ലക്ഷം രൂപ വരെ ആനുകൂല്യ |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നു. പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br><br>a. വിപുലീകരണ പ്രൊജക്ട് റിപ്പോർട്ട് തയാറാക്കുന്നതിന് ആവശ്യമായ ഫീസ പൂർണ്ണമായും റീ-ഇംബേഴ്സ്മെന്റ് ചെയ്ത നൽകുന്നു. പരമാവധി ഒരു ലക്ഷം രൂപ വരെ ഇപ്രകാരം നൽകുന്നു.<br><br>b. പദ്ധതി പ്രകാരം, ഒരു യൂണിറ്റിന സ്ഥിരമൂലധനത്തിന്റെ 40%, പരമാവധി 20( ലക്ഷം രൂപ വരെ, സ്ഥിര മൂലധന നിക്ഷേപ സബ്സിഡി (Fixed Capital Investment Subsidy) ആയി നൽകുന്നു. വിപുലീകരണ കാലയളവ് ആയ 4 വർഷത്തിനുള്ളിൽ പല തവണകളായോ വിപുലീകരണ കാലയളവ കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ ഒറ്റത്തവണ ആയോ യൂണിറ്റിന് അപേക്ഷ സമർപ്പിക്കാവുന്നതും പൂർത്തീകരിച്ച നിക്ഷേപത്തി നുള്ള സബ്സിഡി കൈപ്പറ്റാവുന്നതുമാണ്.<br><br>c. പ്രവർത്തന മൂലധന സഹായമായി വിപുലീകരണ കാലയളവ് വരെയുള്ള (വിപുലീകരണ പ്രോജക്ട് റിപ്പോർട്ടിന അനുമതി ലഭിച്ച തീയതി മുതൽ പരമാവധി 4 വർഷ കാലയളവ് വരെ) ബാങ്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപ പലിശയിളവ നൽകുന്നു. പലിശയിളവ് റീ ഇംബേഴ്സ്മെന്റ ആയാണ് നൽകുന്നത്. വിപുലീകരണ കാലയളവായ 4 വർഷത്തിനുള്ളിൽ പല തവണകളായോ (6 മാസം/12 മാസ കാലയളവിൽ ഉള്ള പലിശ സബ്സിഡിക്ക അപേക്ഷ സമർപ്പിച്ച്) 4 വർഷം കഴിഞ്ഞ ഒറ്റത്തവണ ആയോ പ്രവർത്തന മൂലധന സഹായം കൈപ്പറ്റാവുന്നതാണ്. |
| (ബി) | എത്ര ചെറുകിട സംരംഭങ്ങൾക്ക് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ഇതുവരെ ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആദ്യഘട്ടംമായി എം എസ് എം ഇ സ്കെയിൽഅപ് മിഷൻ വഴി 88 സംരംഭകരെ തെരഞ്ഞെടുക്കുകയും ആനുകൂല്യം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ